# അക്കാദമിക മാസ്റ്റർപ്ലാൻ

**സ്കൂൾ വിവരങ്ങൾ**

1. സ്കൂൾ കോഡ് : 29416
2. സ്കൂളിന്റെ പേര് : ജി.എൽ.പി.എസ് മുള്ളരിക്കുടി
3. മേൽവിലാസം :. മുള്ളരിക്കുടിപി.ഒ. ഇടുക്കി ജില്ല
4. പിൻകോഡ് : 685571
5. ഫോൺ നമ്പർ : 9446129648
6. ഇ-മെയിൽ അഡ്രസ് : glpsmullarikudy29416@gmail.com
7. ഗ്രാമ പഞ്ചായത്ത് : കൊന്നത്തടി ഗ്രാമ പഞ്ചായത്ത്
8. വിദ്യാഭ്യാസ ജില്ല : തൊടുപുഴ
9. സബ്ജില്ല : അടിമാലി
10. ക്ലാസുകൾ : പ്രീപ്രൈമറി മുതൽ 4 വരെ
11. മാനേജ്മെന്റ് : ഗവൺമെന്റ്
12. പഠനമാധ്യമം : മലയാളം

# ആമുഖം

അടിമാലി സബ്ജില്ലയുടെ ഏകദേശം കിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന കൊന്നത്തടി ഗ്രാമപഞ്ചായത്തിലാണ് മുള്ളരിക്കുടി ഗവ. എൽ പി സ്കൂൾ. പാഠ്യപാഠ്യേതര രംഗത്ത് മികച്ച മുന്നേറ്റം കാഴ്ച വയ്ക്കുന്ന സ്കൂളാണിത്. കഴിഞ്ഞ അധ്യായന വർഷം ജില്ലയിൽതന്നെ ഏറ്റവും ഉയർന്ന മാർക്ക്

വാങ്ങി LSS പരീക്ഷയിൽ മികച്ച വിജയം കൈവരിച്ച്  മുന്നേറുകയാണ് ഈ സ്കൂൾ. വിവിധ സ്കോളർഷിപ്പ് മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്നവസ്തുത പ്രാവർത്തികമാക്കിക്കൊ ് അക്കാദമിരംഗത്തും കലാരംഗത്തുംഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.

എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (Inclusive Education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.
അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളു ങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെമുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും നാട്ടുകാർ, ജനപ്രതിനിധികൾ,
പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിതഭംഗിയാർന്ന സ്കൂൾ അന്തരീക്ഷം ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെമുഖമുദ്രയാണ്. അക്കാദമിക മാസ്റ്റർ പ്ലാനിലെ ഓരോ പ്രവർത്തനവും നലപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# സ്കൂൾ ചരിത്രം

കുടിയേറ്റ ഗ്രാമമായ മുള്ളരിക്കുടിയിൽ പ്രദേശവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് സൗകര്യം ഉണ്ടായിരുന്നില്ല.1960ൽ സ്കൂൾ ആരംഭിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അധികനാൾ പ്രവർത്തിച്ചില്ല ഏറ്റവും അടുത്തുള്ള സ്കൂൾ ആയ പണിക്കൻകുടി ഗവൺമെൻറ് സ്കൂളിന് ആവശ്യത്തിന് കെട്ടിടമില്ലാതെ വന്നതിനെ തുടർന്ന് അറ്റകുറ്റപ്പണികൾ ചെയ്യാതെ വെയിലും മഴയും ഏറ്റ് നശിച്ചുകൊണ്ടിരുന്ന കെട്ടിടം പൊളിച്ച് പണിക്കൻകുടിയിൽ കൊണ്ടുപോയി പണിയുകയും ചെയ്തു. പിന്നീട് വളരെ വർഷങ്ങളോളം ഇവിടെ സ്കൂൾ ഉണ്ടായിരുന്നില്ല .1994 എസ്.എൻ.ഡി.പി നേതൃത്വത്തിൽ എസ് എൻ എൽ പി സ്കൂൾ പ്രവർത്തനമാരംഭിച്ചു.തുടർന്ന് അഭ്യുദയകാംക്ഷികളായ നാട്ടുകാരുടെ പ്രവർത്തന ഫലമായി 1999 ൽ ഡി.പി .ഇ.പി പദ്ധതി പ്രകാരം ഗവൺമെൻറ് സ്കൂൾ ഇവിടെ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.അങ്ങനെ മുള്ളരിക്കുടിയിലൊരു സർക്കാർ വിദ്യാലയം എന്ന സ്വപ്നം പൂവണിഞ്ഞു.തുടർന്ന് കാലാകാലങ്ങളിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളുടെയും സംയുക്തമായ സഹകരണത്തിലാണ് സ്കൂൾ ഇന്ന് കാണുന്ന രീതിയിൽ പണി പൂർത്തിയാക്കിയിരിക്കുന്നത്.രജത ജൂബിലി ആഘോഷിക്കുമ്പോൾ ഇതിന്റെ പ്രാരംഭ പ്രവർത്തകരായ സുഗുണൻ ചേലക്കൽ, പി വി ഷാജി ,ജോണി കുന്നുമ്മേൽ,കൃഷ്ണൻകുട്ടി തോപ്പിൽ എന്നിവരെയും ഈ സ്ഥാപനം നിലനിർത്തുവാൻ പരിശ്രമിച്ച ഓരോരുത്തരെയും നന്ദിയോടെ സ്മരിക്കുന്നു.

## ഗവ. എൽ.പി.എസ് മുളളരിക്കുടി- ഇന്ന്

4 എൽ പി സ്കൂൾ അധ്യാപകരും 1 പ്രീപ്രൈമറി അധ്യാപികയും 2 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 40ന് അടുത്ത് വിദ്യാർത്ഥികൾ. അക്കാദമിക നിലവാരത്തിൽ മുന്നേറുന്ന സ്കൂൾ, ജില്ലയിൽ തന്നെഏറ്റവും കൂടുതൽ മാർക്കോടെ LSS പരീക്ഷയിൽ വിജയം കൈവരിച്ച സ്കൂൾ, പാഠ്യേതര രംഗത്തും ഏറെ മികവ് പുലർത്തുന്ന സ്കൂൾ, ഇംഗ്ലീഷ് ഭാഷാ അനായസം കൈകാര്യം ചെയ്യുന്നതിനായി "കുട്ടി റോബോ", മാനസിക കായിക ഉല്ലാസത്തി നായി എല്ലാ കുട്ടികൾക്കും "സൈക്കിൾ പരിശീലനം,'',ബുദ്ധി വികാ സത്തിനായി "ചെസ്സ് പരിശീലനം'', കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനായി സ്കൂൾ റേഡിയോ ''Voice of Mullarikudy" എന്നപേരിലും എല്ലാ കുട്ടികൾക്കും IT പരിശീലനം എന്നിങ്ങനെ പ്രവർത്തനങ്ങൾ നിരവധി. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമികലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമിക മികവിനായി എറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി
5. ലൈബ്രറി നവീകരണം
6. ജൈവ വൈവിധ്യപാർക്ക്-നവീകരണം
7. സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
8. പഠനയാത്രകൾ
9. സ്കൂൾ പത്രം, മാസിക
10. ദിനാചരണങ്ങൾ -സംഘടിപ്പിക്കൽ
11. അധ്യാപക ശാക്തീകരണം സ്കൂൾ SRG തലം
12. പ്രവൃത്തി പരിചയ പരിശീലനം
13. കലാപരിപോഷണം
14. പച്ചക്കറിത്തോട്ടം
15. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
16. ശാസ്ത്ര, ഗണിതശാസ്ത്ര,പ്രവർത്തിപരിചയ മേളകൾ
18. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം-വിശദാംശങ്ങൾ

| ഉപമേഖല - ഇംഗീഷ് ഭാഷാ പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| എല്ലാ കുട്ടി<br>കൾക്കും<br>ഇംഗീഷ് നന്നായി<br>വായിക്കാനും<br>എഴുതാനും<br>സംസാരി<br>ക്കാനും ഉള്ള<br>ശേഷി വികസനം. | 1).ഇംഗീഷിൽ<br>തന്നെ ഇംഗീഷ്<br>ക്ലാസ് കൈകാര്യം<br>ചെയ്യൽ | എല്ലാ<br>ക്ലാസ്സും | ബന്ധപ്പെട്ട<br>ടീച്ചർ. | |
| | 2). ആഴ്ചയിൽ<br>ഒരു<br>ദിവസം ഇംഗീഷ്<br>അസംബ്ലി. മാറി<br>മാറി ഓരോ<br>ക്ലാസിനും ചുമ<br>തല | ആഴ്ചയിൽ<br>ഒരു ദിവസം<br>ഒരു വർഷത്തേക്ക് | ക്ലാസ്സ് ടീച്ചർ | |
| | 3).കുട്ടി റോബോ<br>യുമായി സംവദി<br>ക്കൽ | എല്ലാ ദിവസവും<br>ഇടവേളകളിൽ | ബന്ധപ്പെട്ട<br>ടീച്ചർ. | |
| വായന പരിപോ<br>ഷിപ്പിക്കൽ | ക്ലാസ് ലൈബ്ര<br>റിയിൽ ഇംഗീഷ്<br>പ്രസിദ്ധീകര<br>ണങ്ങൾ,പുസ്തകം<br>എന്നിവ ഉൾക്കൊള<br>ളിക്കൽ | എല്ലാ ദിവസവും<br>ഇടവേളകളിൽ | ക്ലാസ്സ് ടീച്ചർ | |

| ഉപമേഖല - മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1). എല്ലാ കുട്ടി കൾക്കും മലയാളം അനായാസമായി എഴുതാനും വായി ത്ഥാനും ഉള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1).അക്ഷരം ഉറപ്പി ക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 1 വർഷക്കാലം | ക്ലാസ്സ് ടീച്ചർ<br>SRG | |
| 2).എല്ലാ കുട്ടികളേ യും സ്വതന്ത്ര വായ നക്കാരാക്കുക. | 1.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>2. വായനോത്സവം<br>3.പത്രവായന<br>4. ക്ലാസ് വായനാ ക്കൂ രൂപീകരി ക്കൽ | 1 വർഷക്കാലം | ക്ലാസ്സ് ടീച്ചർ | |

| ഉപമേഖല: ഗണിതം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറ പ്പിക്കൽ | 1.വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടി കളിൽ അടിസ്ഥാന ആശയങ്ങൾഉറപ്പി ക്കുന്നു.<br>2. ഗണിതാശ യങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു | 1 വർഷക്കാലം | ക്ലാസ്സ് ടീച്ചർ | |
| 2. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ജ്യാമിതീയ രൂപ ങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ ത്തിൽ ഗണിതപാർക്ക് ഒരുക്കൽ | 6 മാസം | പി.ടി.എ | |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാ ചര ണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | |
| **ഉപമേഖല -സ്കോളർഷിപ്പ് പരീക്ഷാപരിശീലനം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷി പ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | LSS –ഉൾപ്പടയെുള്ള സ്കോളർഷിപ്പ് പരീക്ഷകളിൽ ചിട്ടയായ പരിശീല നത്തിലൂടെ ഏറ്റവും കൂടു തൽ കുട്ടികൾക്ക് സ്കോർ.ഷിപ്പ് ഉറ പ്പുവരുത്തുക | ജൂൺ - മാർച്ച് | SRG | |
| **മേഖല - അക്കാദമികം ,സാമൂഹികം**<br>**ഉപമേഖല: പി.ടി.എ ശക്തിപ്പെടുത്തൽ** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| CPTA ശക്തിപ്പെ ടുത്തി മുഴുവൻ രക്ഷിതാ ക്കൾക്കും കുട്ടി കളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ച റിയാനും മുന്നോട്ടെത്തി ക്കാനും സഹ കരണം ഉറപ്പുവ രുത്തലും | CPTA യോഗം കാര്യ ക്ഷമമായി നടത്തൽ കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠനതെ ളിവുകൾ തുടങ്ങിയവരുടെ അവതരണം | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | ക്ലാസ്സ് ടീച്ചർ SRG | |

## ഉപസംഹാരം

ഗവ. എൽ.പി സ്കൂൾ മുളളരിക്കുടിയിലെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഗ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബേ ാധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവോതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊ ് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുളള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള ളത്.